"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം - നേര്യമംഗലം റെയിഞ്ചിലെ തലക്കോട് ചെക്ക് പോസ്റ്റിനടുത്തു നിന്നിരുന്ന ഈട്ടി മരം മുറിച്ചു കടത്തിയത് - അച്ചടക്ക നടപടി - ശ്രീ.വി.കെ.ഔസേഫ്, ഫോറസ്റ്റ് ഗാർഡ് (റിട്ട)-നെതിരെയുള്ള - തുടർ നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.263/2022/F&WLD തീയതി,തിരുവനന്തപുരം, 18-06-2022

---

പരാമർശം:-

1. 14.07.2003 ലെ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ എ8-4670/03 നമ്പർ ഉത്തരവ്
2. 15.09.2003 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി8-19944/2003 നമ്പർ ഉത്തരവ്
3. സർ ക്കാരിന്റെ 11.10.2017-ലെ 374737/എ2/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 11.11.2019-ലെ ബി8-19944/03 നമ്പർ കത്ത്.

**ഉത്തരവ്**

മൂന്നാർ ഡിവിഷനിൽ നേര്യമംഗലം റെയിഞ്ചിലെ നഗരംപാറ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട തലക്കോട് ചെക്ക് പോസ്റ്റിന് സമീപം നിന്നിരുന്ന ഒരു വലിയ ഈട്ടിമരം അനധികൃതമായി മുറിച്ചുകടത്തിയത് തടയുന്നതിൽ പരാജയപ്പെട്ടതിന് 1 4 ഉദ്യോഗസ്ഥരെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്യുകയുണ്ടായി.

മേൽ വിഷയത്തിൽ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 1 5 പ്രകാരം ഔപചാരിക അന്വേഷണം നടത്തുകയും അതോടൊപ്പം നടന്നു വരികയായിരുന്ന വിജിലൻസ് അന്വേഷണത്തിനായി ടി റിപ്പോർട്ട് നൽകുകയുമുണ്ടായി. ഇവർക്കെതിരെയുള്ള വിസി.06/08/ഇ.കെ.എം. വിജിലൻസ് കേസിൽ ഭൗതിക തെളിവുകളുടെ (meterial evidence) അഭാവത്തിൽ വിജിലൻസ് വകുപ്പ് തുടർ നടപടികൾ ഉപേക്ഷിച്ചു (further action dropped). 20.12.2013-ൽ വിജിലൻസ് വകുപ്പ് തുടർ നടപടികൾ ഉപേക്ഷിച്ചുവെന്ന് അറിയിച്ചുവെങ്കിലും വകുപ്പുതല അച്ചടക്ക നടപടികൾ തുടരുകയുണ്ടായി.

മേൽ വിഷയത്തിലുള്ള സർക്കാർ നഷ്ടം 1,03,099/- രൂപയായിരുന്നു. പിടിച്ചെടുത്ത തൊണ്ടി തടി വിറ്റ വകയിൽ 31,047/- രൂപ ലഭിച്ചതിനാൽ ടി തുക കുറച്ച് 72,052/- രൂപയായി സർക്കാർ നഷ്ടം അന്വേഷണാധികാരി നിജപ്പെടുത്തിയിരുന്നു. വിരമിച്ച ജീവനക്കാരായ ശ്രീ.വി.കെ.ഔസേഫ്, ഫോറസ്റ്റ് ഗാർഡ് (റിട്ട) 4,117/- രൂപ വീതവും ആനുപാതിക സർക്കാർ നഷ്ടമായി കണക്കാക്കുകയുണ്ടായി. ശ്രീ.വി.കെ.ഔസേഫിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതവും മൂന്നു വർഷത്തേയ്ക്ക് കുറവു ചെയ്യുവാനും താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി

എന്നാൽ ശ്രീ.വി.കെ.ഔസേഫ്, ഫോറസ്റ്റ് ഗാർഡ് (റിട്ട) 14.03.2016ൽ മരണപ്പെട്ടതിനാൽ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടില്ലെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ.വി.കെ.ഔസേഫ്, ഫോറസ്റ്റ് ഗാർഡ് (റിട്ട) നോടൊപ്പം അച്ചടക്ക നടപടി ആരംഭിച്ച ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിനാലും ടിയാൻ 14.03.2016ൽ മരണപ്പെട്ടതിനാലും ശ്രീ.വി.കെ.ഔസേഫ്, ഫോറസ്റ്റ് ഗാർഡ് (റിട്ട) നെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ചു ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 18-06-2022 16:29:13
സെക്ഷൻ ഓഫീസർ